പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4705 14.11.2019-ൽ മറുപടിയ്ക്ക്

## റോഡുവശങ്ങളിലെ കാലപ്പഴക്കം ചെന്ന വൻമരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലായി നിൽക്കുന്ന കാലപ്പഴക്കം ചെന്ന വൻമരങ്ങൾ അപകടഭീഷണിയുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം ചെന്നതും അപകട ഭീക്ഷണിയുണ്ടാകുന്നതുമായ മരം മുറിച്ച് മാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കി മരങ്ങൾ ലേലം ചെയ്ത് മുറിച്ച് മാറ്റുന്നുണ്ട്. വൃക്ഷതൈകൾ വച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അപകടകരമായ സാഹചര്യത്തിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനും പകരം വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; അറിയിക്കാമോ; | | |
| (സി) | ശക്തമായ കാറ്റും മഴയും ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യേക സ്ക്വാഡ് മുഖേന ഇത്തരം വൃക്ഷങ്ങൾ കണ്ടെത്തി മുറിച്ചു മാറ്റുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ? | (സി) | ശക്തമായ കാറ്റും മഴയും ഉള്ളപ്പോൾ അപകട ഭീക്ഷണിയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പ്രകൃതി ക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യേക സ്ക്വാഡ് മുഖേന വൃക്ഷങ്ങൾ കണ്ടെത്തി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് 28/05/2018 ലെ ഡി.എം1/217/2018/ഡി.എം.ഡി നമ്പർ കത്ത് പ്രകാരം ദുരന്ത നിവാരണ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ഓഫീസുകളിലും തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ